# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1807
## 04.05.2017- ലെ മറുപടിക്ക്

### ആലത്തൂർ മണ്ഡലത്തിലെ ഓപ്പൺ ഓഡിറ്റോറിയം ,സ്റ്റേജ് എന്നിവയുടെ നിർമാണം

| ചോദ്യം<br>**ശ്രീ.കെ.ഡി. പ്രസേനൻ** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി** |
|---|---|
| (എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ, ആലത്തൂർ ദേശീയ മൈതാനത്ത് ഓപ്പൺ ഓഡിറ്റോറിയവും സ്റ്റേജും നിർമ്മിക്കുന്നതിന് ധനകാര്യവകുപ്പിലെ 10959074/NC.C2/2016/Fin 2016-2017 നമ്പർ ഫയലിൽ ഭരണാനുമതി നൽകിയിട്ടുണ്ടോ; | 10959074/NC.C2/2016/Fin 2016-2017 നമ്പർ ഫയൽ ധനകാര്യ വകുപ്പിൽ നിലവിലില്ല. ആലത്തൂർ നിയോജക മണ്ഡലത്തിൽ, ആലത്തൂർ ദേശീയ മൈതാനത്ത് ഓപ്പൺ ഓഡിറ്റോറിയവും സ്റ്റേജും നിർമ്മിക്കുന്ന പ്രവൃത്തിയെ സംബന്ധിച്ച വിഷയം പരിശോധിക്കുന്ന ധനകാര്യവകുപ്പിലെ 959074/NC.C2/2016/Fin. നമ്പർ ഫയലിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) ഈ വിഷയത്തിൽ ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ ആയത് പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | ഭരണാനുമതി പെട്ടെന്ന് ലഭ്യമാക്കുന്നതിനായി പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടും അനുബന്ധ രേഖകളും ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗ നിർദേശങ്ങൾക്കനുസൃതമായി ഉചിതമായ തലത്തിലുള്ള ശുപാർശയോടെ ഭരണവകുപ്പ് വഴി സമയബന്ധിതമായി സമർപ്പിച്ച് ഭരണാനുമതിയ്ക്കുള്ള ധനാനുമതി വാങ്ങേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**